TM241367R

Reg. No :...............................

Name :...............................

**MASTER'S DEGREE (C.S.S) EXAMINATION, NOVEMBER 2024**

**2024 ADMISSIONS REGULAR**

**SEMESTER I - CORE COURSE MALAYALAM**

**MA1C03M - Malayala Cherukatha**

**Time : 3HRS Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. 'കുളിക്കാത്ത കൊക്കിനേക്കാൾ നല്ലത് കുളിക്കുന്ന കാക്കയല്ലേ' - ആരുടെ വാക്കുകൾ ? കഥാസന്ദർഭമേത്?
2. 'ദീനാമ്മ 'എന്ന കഥയെ അടിസ്ഥാനമാക്കി കേശവദേവിൻറെ കഥകൾക്ക് ഒരു ലഘുപഠനം തയ്യാറാക്കുക.
3. "വേർപാടു കൊണ്ടെനിക്ക് മറക്കാനും മറ്റൊരാളെ സ്നേഹിക്കുവാനും കഴിയുമെങ്കിൽ നാടുവിട്ട് പൊയ്ക്കളയാമെന്നുകൂടി പറയാറുണ്ട് "- ആരുടെ വാക്കുകൾ? സൂചനയെന്ത്?
4. ' ഇത്തിളാകാൻ ജനിച്ച സ്ത്രീക്ക് അതിബുദ്ധി ഒരു ശാപമാണ് ' - കഥാസൂചനയെന്ത് ?
5. 'ക്ലേശങ്ങളോടു മല്ലിട്ടുമല്ലിട്ട് എൻറെ ജീവിതത്തിൻറെ സായാഹ്നത്തിൽ ഭൊവാനി നീട്ടിത്തരുന്ന ഭിക്ഷ'- ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത്?
6. "തുടുത്ത കവിളുകളും കറുത്ത കണ്ണടയും ഞങ്ങൾ വേർപിരിഞ്ഞതിനുശേഷമുള്ള എൻറെ സമ്പാദ്യമായിരുന്നു" - ആരുടെ വാക്കുകൾ? വിശദമാക്കുക.
7. യേശുപുരം ലൈബ്രറിയിലെ ഓരോ അലമാരയും ഓരോ പ്രപഞ്ചമാണെന്ന് പറയുന്നതെന്തുകൊണ്ട്?
8. പ്രതിഷ്ഠക്ക് വൈകല്യങ്ങൾ ഉണ്ടായിക്കൂടാ എന്ന് പറയുന്നതെന്തുകൊണ്ട്?
9. 'നിൻറെ സങ്കടങ്ങളെല്ലാം ഈ സ്നാനജലം കൊണ്ട് ഞാൻ കഴുകിക്കളഞ്ഞിരിക്കുന്നു' - വക്താവാര്? സൂചിതമെന്ത്?
10. 'കോട്ടയം 17' എന്ന കഥയിലെ കുഞ്ഞ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. 'ദ്വാരക ' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.
12. മനഃശാസ്ത്രപരമായ അന്തർവീക്ഷണം പുലർത്തുന്ന കഥയാണ് ' മരപ്പാവകൾ' - വ്യക്തമാക്കുക.
13. 'അവർക്കിടയിൽ കറുത്ത കണ്ണടയും സർപ്പങ്ങളുമുണ്ട്'- ആർക്കിടയിൽ? ആശയം വിശദമാക്കുക.
14. 'തൂക്കുമരങ്ങൾ ഞങ്ങൾക്ക് 'എന്ന കഥയിലെ പ്രമേയം പുതിയ കാലത്തിൻറെ ആശയസംവേദനങ്ങൾ ആവിഷ്കരിക്കുന്നുണ്ടോ? ചർച്ചചെയ്യുക.
15. 'മകൾ'എന്ന കഥയിൽ ജീവിതം നിരർത്ഥകമായ ഒരു തടവറയായിത്തീരുന്നതെങ്ങനെ?
16. ഓക്കിനാവ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം ചർച്ച ചെയ്യുക.
17. ഒരു സൂചകം എന്ന നിലയിൽ യേശുപുരം പബ്ലിക് ലൈബ്രറിയെ വിശകലനം ചെയ്യുക?
18. മനുഷ്യ വിചാരത്തിൻറെ സാന്ദ്രതയിലേക്കുള്ള പ്രകൃതിയുടെ സാന്നിധ്യമാണ് 'പൂമുടിക്കെട്ടഴിഞ്ഞതും പുഷ്പജാലം കൊഴിഞ്ഞതും' എന്ന കഥ - സമർത്ഥിക്കുക.

**Part C**

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. 'യഥാർത്ഥഭാര്യ'യിലെ നായികയ്ക്ക് സംഭവിക്കുന്ന പരിണാമം സ്ത്രീപക്ഷ വീക്ഷണാടിസ്ഥാനത്തിൽ വിലയിരുത്തുക.
20. ദുരാചാരങ്ങളുടെയും മർദ്ദനങ്ങളുടെയും ഇടയിൽപെട്ട് കഷ്ടത അനുഭവിക്കുന്ന നമ്പൂതിരിസ്ത്രീകളുടെ മുഴുവൻ പ്രതികാരമായി ' താത്രിക്കുട്ടി' മാറുന്നുണ്ടോ? വിചിന്തനം ചെയ്യുക.
21. മുതലാളിമാരുടെ ലൈംഗിക ചൂഷണങ്ങൾക്ക് വിധേയരാവാൻ നിർബന്ധിതരായിത്തീരുന്ന സ്ത്രീകളിൽ ഒരാൾ മാത്രമാണ് 'ജീവച്ഛവങ്ങളി'ലെ അംഗുലി - വ്യക്തമാക്കുക.
22. കീഴാള സ്ത്രീശക്തി പ്രവാഹത്തിൻറെ ഉന്മേഷം പ്രദാനം ചെയ്യുന്ന കഥ എന്ന നിലയിൽ 'പ്രേതഭാഷണം' മാറുന്നുണ്ടോ? ചർച്ച ചെയ്യുക.